**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4740 | **18 .12.2014-ൽ** മറുപടിയ്ക്ക് |

**'കൈവശം വച്ച് നികുതി അടയ്ക്കുന്ന ഭൂമിയുടെ പട്ടയം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ'**

| **ചോദ്യം** | **മറുപടി** |
|---|---|
| ഡോ. കെ.ടി. ജലീൽ | ശ്രീ. അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
| (എ) വ്യക്തികളുടെ കൈവശമുള്ളതും നികുതി അടച്ച് പോകുന്നതുമായ ഭൂമിയുടെ പട്ടയം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും, ഇതിനായി എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത് എന്നും വിശദമാക്കാമോ; | (എ) കേരള ഭൂ പരിഷ്കരണ നിയമം-1963-ലെ 72-ാം വകുപ്പു പ്രകാരം ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർ/ഭൂപരിഷ്കരണ സ്പെഷ്യൽ ആർ. ഐ/ഡി. റ്റി-മാർ സമർപ്പിക്കുന്ന സ്വമേധയാലുള്ള റിപ്പോർട്ട് രജിസ്റ്റർ ചെയ്ത്, വിചാരണ നിശ്ചയിച്ച്, കൈവശ കൂടിയാനും, ജൻമിക്കും ക്രമ പ്രകാരമുള്ള നോട്ടീസുകൾ നൽകി, ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച്, ലാന്റ് ട്രിബ്യൂണൽ/ദേവസ്വം എൽ. ടി. എന്നിവയിൽ നിന്നും നിയതമായ അധികാരത്തിൽ പട്ടയം അനുവദിക്കുന്നു.<br><br>**ഹാജരാക്കേണ്ട രേഖകൾ**<br>കുടിയായ്മ തെളിയിക്കുന്ന രേഖകൾ, അസ്സൽ ആധാരം, അടങ്കൽ/ ബി. ടി. ആർ പകർപ്പ്, നികുതി രസീതി പകർപ്പ്, കൈവശ സർട്ടിഫിക്കറ്റ് എന്നിവ. |
| (ബി) ഇതിനാവശ്യമായ അപേക്ഷ ആർക്കൊക്കെയാണ് നൽകേണ്ടത്; | (ബി) വില്ലേജ് ഓഫീസർ/ എസ്. ആർ. ഐ/ എസ്. ഡി. റ്റി എന്നിവരെ കൈവശത്തിലുള്ള പ്രമാണപ്രകാരം അറിയിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) വില്ലേജ് ഓഫീസർക്കും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്കും ഇതിനായി അപേക്ഷ നൽകിയാൽ എത്ര ദിവസത്തിനകം മറുപടി നൽകണമെന്നാണ് നിലവിലുള്ള വ്യവസ്ഥ; | (സി) നിലവിലുള്ള വ്യവസ്ഥ പ്രകാരം സമയ പരിധി നിശ്ചയിച്ചിട്ടില്ല. |
| (ഡി) ഇതിനായി വ്യക്തികളിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ; | (ഡി) എൽ.ടി/ ദേവസ്വം പട്ടയത്തിൻെറ കാര്യത്തിൽ ഒരു ഹെക്ടറിന് മുകളിലുള്ള ഭൂമിക്ക് ആയതിൻെറ ഇനവും തരവും അനുസരിച്ച് ക്രയ വില ഈടാക്കി വരുന്നുണ്ട്. |
| (ഇ) അനുവദിച്ച പട്ടയങ്ങളുടെ പകർപ്പ് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ടവർക്ക് അപേക്ഷ സമർപ്പിച്ചാൽ സേവനാവകാശ നിയമ പ്രകാരം എത്ര ദിവസത്തിനകം മറുപടി നല്കണമെന്നുള്ള വ്യവസ്ഥയാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; | (ഇ) സേവനാവകാശ നിയമത്തിൽ പട്ടയ പകർപ്പ് അനുവദിക്കുന്നത് സംബന്ധിച്ച് പ്രതിപാദിക്കുന്നില്ല. |
| (എഫ്) മലപ്പുറം ജില്ലയിൽ പട്ടയങ്ങളുടെ പകർപ്പ് ലഭിക്കാൻ വേണ്ടിയുള്ള എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ? | (എഫ്) മലപ്പുറം ജില്ലയിൽ പട്ടയ പകർപ്പ് ലഭിക്കുന്നതിനായി ലാൻഡ് ട്രൈബ്യൂണലിൽ 494 അപേക്ഷകളും ദേവസ്വം എൽ. റ്റി. -യിൽ 263 അപേക്ഷകളും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ